(സി&ഡി) പുതിയ യു.ജി.സി. ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നതിനെ കുറിച്ച് പഠിച്ച് വിശദാംശങ്ങൾ സമർപ്പിക്കാൻ ചുമതലപ്പെടുത്തിയിരുന്ന സമിതി, റിപ്പോർട്ട് സമർപ്പിക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട എല്ലാ സംഘടനകളുമായി ചർച്ച നടത്തിയിരുന്നു.

(ഇ) പ്രതിഷേധങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പണി മുടക്കിലേക്ക് നീങ്ങുന്നതായി അറിയില്ല.

(എഫ്) ചുമതലപ്പെടുത്തിയിട്ടില്ല. ശമ്പളം തടഞ്ഞുവച്ചിട്ടുമില്ല. ശനിയാഴ്ച കോളേജിൽ ഹാജരാകാത്ത അദ്ധ്യാപകരുടെ ആ ദിവസത്തെ ശമ്പളം തടഞ്ഞ് വയ്ക്കാൻ മാത്രമേ നിർദ്ദേശം കൊടുത്തിരുന്നുള്ളു. ഈ ദിവസങ്ങളിലെ ശമ്പളം താത്കാലികമായി നല്കുവാൻ പിന്നീട് ഉത്തരവ് നൽകിയിട്ടുണ്ട്.

(ജി) സി, ഡി, എഫ് എന്നീ ചോദ്യങ്ങളുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

**യു.ജി.സി. റിവൈസ്ഡ് ശമ്പള പരിഷ്ക്കരണം**

**95 (2075)** പ്രൊഫ. എ. വി. താമരാക്ഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ജി.സി. റിവൈസ്ഡ് ശമ്പള പരിഷ്കരണം എന്നാണ് കോളേജ് അദ്ധ്യാപകർക്ക് നടപ്പിലാക്കിയത് ; വിശദാംശം വ്യക്തമാക്കാമോ ;

(ബി) ശമ്പള കുടിശ്ശിക എന്നു മുതലാണ് പണമായി നൽകുന്നതെന്ന് വിശദമാക്കാമോ ;

(സി) 1996-നുമുമ്പുള്ള പ്രൊമോഷൻ കുടിശ്ശിക പണമായി നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) യു.ജി.സി. സ്കീം വഴി സർക്കാരിന് എത്ര കോടി രൂപയുടെ ബാദ്ധ്യത ഉണ്ടായെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 21-12-1999-ലെ ജി.ഒ.(പി)നമ്പർ171/99/ഉവിവ. ഉത്തരവ് പ്രകാരം 1-1-1996 മുതൽ മുൻകാലപ്രാബല്യത്തോടെയാണ് സംസ്ഥാനത്ത് പുതുക്കിയ നിരക്കിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയത്. വിശദാംശം തുടർന്നുള്ള ഖണ്ഡികകളിൽ വ്യക്തമാക്കുന്നുണ്ട്.

(ബി) ശമ്പള കുടിശ്ശിക പണമായി നൽകുന്നില്ല. എന്നാൽ 1-1-1996 മുതൽ 31-12-1999 വരെയുള്ള അർഹതപ്പെട്ട ശമ്പള കുടിശ്ശിക അവരവരുടെ പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിക്കുന്നതും അങ്ങനെ നിക്ഷേപിക്കുന്ന തുക 1-1-2004 മുതൽ പിൻവലിക്കാവുന്നതുമാണ്. എന്നാൽ 31-12-2003-നു മുമ്പ് സർവ്വീസിൽ നിന്നും പിരിയുന്നവർക്ക് പിരിയുന്ന മുറയ്ക്ക് പ്രോവിഡന്റ് ഫണ്ടിൽ നിന്നും തുക പിൻവലിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വകാര്യ കോളേജിലെ യു.ജി.സി. അദ്ധ്യാപകരുടെ പ്രൊമോഷൻ അടിസ്ഥാനപ്പെടുത്തിയുള്ള ശമ്പള വർദ്ധനവ് കൊടുക്കുവാൻ 17-11-1999-ലെ ജി.ഒ.(എം.എസ്.)152/99/ഉവിവ.പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതു പ്രകാരമുള്ള കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിക്കണമെന്നല്ലാതെ ഏതുവരെ പിൻവലിക്കാൻ പാടില്ലെന്നു പറഞ്ഞിട്ടില്ല. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(ഡി) പുതിയ യു.ജി.സി. ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നതിന് 1-1-1996 മുതൽ 31-3-2000 വരെയുള്ള മൊത്തം അധിക ബാദ്ധ്യത 166,24,50,216 രൂപയും അതിൽ 80 ശതമാനം ആയ 133 കോടി രൂപ കേന്ദ്ര സർക്കാർ തരേണ്ടതുമാണ്. 1-4-2000 മുതൽക്കുള്ള മൊത്തം ബാദ്ധ്യതയും സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്. ഇത് ഓരോ വർഷവും ഉദ്ദേശം 422 കോടി രൂപ വരുമെന്ന് കണക്കാക്കപ്പെടുന്നു.

**കേരളത്തിലെ കോളേജ് അദ്ധ്യാപകർക്കുള്ള ശമ്പളം നൽകൽ**

**96 (2076)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കോളേജ് അദ്ധ്യാപകർക്ക് ഡിസംബർ മാസത്തെ ശമ്പളം കൊടുത്തു തീർന്നോ ;

(ബി) ജനുവരി മാസത്തെ ശമ്പളം പൂർണ്ണമായി കൊടുത്തു തീർത്തോ ;

(സി) ഡിസംബർ, ജനുവരി മാസങ്ങളിലെ ശമ്പളം പൂർണ്ണമായി കൊടുത്ത് തീർത്തിട്ടില്ലെങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(ഡി) ശമ്പളം തടഞ്ഞുവച്ചിട്ടുണ്ടെങ്കിൽ അത് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) 21-12-1999-ലെ ജി.ഒ.(പി)171/99/ഉവിവ. ഉത്തരവ് പ്രകാരം നടപ്പിലാക്കിയ യു.ജി.സി. ശമ്പള പരിഷ്ക്കരണത്തിന്റെ ഭാഗമായി 22-1-2000 മുതൽക്കുള്ള പൊതുഅവധി ഒഴിച്ചുള്ള ശനിയാഴ്ച ദിവസങ്ങൾ കോളേജുകൾക്ക് പ്രവൃത്തി ദിവസമായിരിക്കുമെന്ന് അറിയിപ്പു നൽകിയിരുന്നു. ഇതിനെതിരായി ഒരു വിഭാഗം കോളേജ് അദ്ധ്യാപകർ ശനിയാഴ്ച ക്ലാസ്സുകളിൽ ഹാജരാകാത്തതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അത്തരം ശനിയാഴ്ചകളിൽ കോളേജുകളിൽ ഹാജരാകാതിരുന്ന അദ്ധ്യാപകരുടെ അന്നേ ദിവസത്തെ ശമ്പളം ഇനി ഒരു ഉത്തരവുണ്ടാകുന്നതുവരെ തടഞ്ഞുവയ്ക്കാൻ നിർദ്ദേശം നൽകിയിരുന്നു. 1999 ഡിസംബർ മാസത്തെ ശമ്പളം ഇക്കാരണത്താൽ തടഞ്ഞുവയ്ക്കപ്പെട്ടിട്ടില്ല.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly